സംയുക്ത മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് ധാതുമണൽ ഖനനത്തിന് അനുമതി

143 [2622] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയുക്ത മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് നിബന്ധനകൾക്ക് വിധേയമായി ധാതുമണൽ ഖനനത്തിന് അനുമതി നൽകുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റ് ക്ഷണിച്ചുകൊണ്ട് വിദേശപത്രങ്ങളിലും ഇന്ത്യൻ പത്രങ്ങളിലും പരസ്യങ്ങൾ നടത്തിയതിന് ഗവൺമെന്റ് എന്തു തുക ചെലവഴിച്ചു;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് ലഭിച്ചത്; പ്രസ്തുത കമ്പനികൾ നൽകിയ എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ധാതുമണൽ ഖനനം സ്വകാര്യ കമ്പനികൾക്ക് നൽകുവാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. കെ.എസ്.ഐ.ഡി.സി.-ക്ക് 2,29,710 രൂപ ചെലവായിട്ടുണ്ട്. 11-12-2002-ലാണ് പരസ്യം ചെയ്തത്.

(ബി) 11-12-2002-ലെ പരസ്യത്തിന് മറുപടിയായി താഴെ പറയുന്ന അഞ്ചു കമ്പനികളിൽനിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു:

(1) മെസ്സേഴ്സ് വി. വി. മിനറൽസ്
(2) എ.ബി.സി. ആന്റ് സൺസ് ലിമിറ്റഡ്
(3) കേരള റെയർ എർത്ത് ആന്റ് മിനറൽസ് ലിമിറ്റഡ്
(4) കേരള സ്റ്റേറ്റ് മിനറൽസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഇ.എം.ഡി.ഇ.എൽ.)
(5) നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

ഇവയിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ധാതുമണൽ ഖനന നയത്തിനനുസൃതമായി ഏക അപേക്ഷ കെ.ആർ.ഇ.എം.എൽ. എന്ന സംയുക്ത മേഖല കമ്പനിയിൽ നിന്നായിരുന്നു.

(സി) ധാതുമണൽ ഖനനം സ്വകാര്യ കമ്പനികൾക്ക് നൽകുവാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തിട്ടില്ല. സംയുക്ത മേഖലയിൽ മാത്രമാണ് അനുവാദം.

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

144 [2623] ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly